**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5201** **02.07.2013 ൽ മറുപടിക്ക്**

**റോഡുകളുടെയും, ട്രാഫിക് സുരക്ഷാ സംവിധാനങ്ങളുടേയും പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി ഉബൈദുള്ള:<br>" സി. മമ്മൂട്ടി:<br>" വി.എം. ഉമ്മർ മാസ്റ്റർ:<br>" എൻ.എ. നെല്ലിക്കുന്ന്: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | റോഡ് സുരക്ഷയിൽ മോട്ടോർ വാഹന വകുപ്പ്, പോലീസ്, പി.ഡബ്ല്യൂ.ഡി. എന്നി വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത്, പോലീസ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ അംഗങ്ങളായി കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിലുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി ഡിസ്ട്രിക്ട് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റി എന്നിവയിൽ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. ടി അതോറിറ്റി/ കൗൺസിൽ/കമ്മിറ്റികളുടെ യോഗങ്ങളിൽ റോഡ് സുരക്ഷയെയും റോഡപകടങ്ങളെ കുറിച്ചുള്ള അവലോകനങ്ങൾ നടത്തുകയും വേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വകുപ്പുകൾ യോജിച്ച് പരിശോധന നടത്തി വാഹനാപകടങ്ങൾക്ക് കാരണമാകുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി തിരുത്തൽ നടപടികൾ എടുക്കുക. മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത വാഹനപരിശോധന നടത്തുക എന്നിവയാണ് പ്രധാനമായി ചെയ്യുന്ന കാര്യങ്ങൾ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട്, റോഡുകളുടെയും ട്രാഫിക് സംവിധാനങ്ങളുടെയും സംയുക്ത പരിശോധന നടത്താറുണ്ടോ; എങ്കിൽ അത്തരം സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പ്രധാന | (ബി) | ഉണ്ട്. വകുപ്പുകളുടെ സംയുക്ത പരിശോധനകളെ തുടർന്ന് സംസ്ഥാനത്തുടനീളം 216 അപകട മേഖലകൾ (Black spot) കണ്ടെത്തുകയും അവയിൽ 50 എണ്ണം അപകട വിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ന്യൂനതകളെന്തെല്ലാമെന്ന് വിശദമാക്കുമോ; | | വിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റോഡുകളുടെയും ട്രാഫിക് സുരക്ഷാ സംവിധാനങ്ങളുടെയും അവസ്ഥ നിശ്ചിത കാലയളവുകളിൽ സംയുക്തമായി പരിശോധിക്കുന്നതിനും ന്യൂനതകൾ പരിശോധിക്കുന്നതിനും സ്ഥിരം സംവിധാനമൊരുക്കുകയും നോഡൽ ഓഫീസറെ നിയോഗിക്കുകയും ചെയ്യുമോ? | (സി) | റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചു. അതോറിറ്റിയുടെ ചെയർമാൻ ഗതാഗത വകുപ്പുമന്ത്രിയും, വൈസ് ചെയർമാൻ മരാമത്ത് വകുപ്പ് മന്ത്രിയുമാണ്. ചീഫ് സെക്രട്ടറി, ഗതാഗത വകുപ്പ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, പോലീസ് ഡയറക്ടർ ജനറൽ, പോലീസ് ഐ.ജി (ട്രാഫിക്), ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജ്, എൻ.എച്ച്) എന്നിവർ ഈ അതോറിറ്റിയിലെ അംഗങ്ങളാണ്. റോഡ് സുരക്ഷാ കമ്മീഷണർ ഈ അതോറിറ്റിയുടെ മുഖ്യ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ആണ്. അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ചീഫ് സെക്രട്ടറിയും, വൈസ് ചെയർമാൻ ട്രാൻസ്പോർട്ട് കമ്മീഷണറുമാണ്. പോലീസ് ഐ.ജി (ട്രാഫിക്), ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്), ചീഫ് എഞ്ചിനീയർ (ദേശീയ പാത), എന്നിവർ അംഗങ്ങളും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറി മെമ്പർ സെക്രട്ടറിയുമാണ്. സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി ഒരു സ്ഥിരം സംവിധാനം ഉള്ളതിനാൽ നോഡൽ ഓഫീസറെ നിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ